# ACADEMIC MASTER PLAN
# GMHS KARIPPOL

## (HS Section)



# ആമുഖം

മലപ്പുറം ജില്ലയിലെ ആതവനാട് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സർക്കാർ വിദ്യാലയമാണ് ജിഎം എച്ച് എസ് കരിപ്പോൾ.62 അധ്യാപകരും 1057 കുട്ടികളുമായി പഠന പഠനേതര പ്രവർത്തനങ്ങളിൽ മികവു പുലർത്തിക്കൊണ്ട് ഈ വിദ്യാലയം മുന്നേറിക്കൊണ്ടിരിക്കുന്നു. "എല്ലാവരെയും ഉൾപ്പെടുത്തി കൊണ്ടുള്ള വിദ്യാഭ്യാസ സമ്പ്രദായം" നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ പഠന പ്രവർത്തനങ്ങൾ സ്കൂളിന്റെ ഭാഗത്തുനിന്നും നടപ്പിലാക്കി വരുന്നു. ഓരോ പ്രവർത്തനങ്ങളും കൃത്യമായി വിലയിരുത്തുകയും പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിച്ച് കൊണ്ട് മുന്നോട്ട് പോകാനും കഴിയുന്നുണ്ട്. "ഗുണമേന്മയുള്ള വിദ്യാഭ്യാസം "കുട്ടിയുടെ അവകാശമാണ് എന്ന് മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് ഓരോ പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നത്.പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് PTA, പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ,ജനപ്രതിനിധികൾ,ജില്ലാപഞ്ചായത്ത് പോലെയുള്ളവരുടെ പൂർണ്ണ സഹകരണം ഉറപ്പുവരുത്താൻ ശ്രമിച്ചുകൊണ്ടേയിരിക്കുന്നു. കൂടാതെ ഹരിത ഭംഗിയാർന്ന, ശിശു സൗഹൃദമായ വിദ്യാലയ അന്തരീക്ഷം കരിപ്പോൾ സ്കൂളിന്റെ മുഖമുദ്രയാണ്.ഈ അക്കാദമിക വർഷവും ചിട്ടയായ അനവധി അക്കാദമിക-അക്കാദമികേതര പ്രവർത്തനങ്ങളിലൂടെ മുന്നോട്ടുപോകാൻ കഴിയും എന്ന ശുഭപ്രതിക്ഷയോടെ..........

കരിപ്പോളിലെ അധ്യാപകക്കൂട്ടം

## ലക്ഷ്യങ്ങൾ

- ഓരോ വിദ്യാർഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
- വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- വിദ്യാർഥികൾക്ക് ക്ലാസിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാ, കായിക, പ്രവൃത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ളസംവിധാനങ്ങൾ ഒരുക്കുന്നു.
- വിദ്യാലയത്തിലെ പഠന പിന്തുണാസംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർഥികൾക്കും ഒരു പോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
- സുസ്ഥിരവികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ (കളിയുപകരണങ്ങൾ, ഉദ്യാനം, മൈതാനം......) എന്നിവ വിദ്യാർഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുകയും വിദ്യാർഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാക്കുന്നു.
- ഓരോ അധ്യാപികയും ആധുനിക സാങ്കേതികവിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.
- വിദ്യാർഥികളും വിദ്യാർഥികളും തമ്മിലും വിദ്യാർഥികളും അധ്യാപകരും തമ്മിലും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- ഓരോ വിദ്യാർഥിയേയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്നതരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.
- പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം, (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>13. ആസ്വാദകരമായ വായന<br>14. ഇ - വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ, അധ്യാപകർ |

# മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ-സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ | പി.ടി.എ, അധ്യാപ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം, (ജൂലൈ-ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രെയിനർ, അധ |

# അക്കാദമിക മാസ്റ്റർപ്ലാൻ-ഹിന്ദി

## ജി.എം. എച്ച് എസ്.കരിപ്പൂർ

| ക്രമ നമ്പർ | യൂണിറ്റ് | പ്രവർത്തനങ്ങൾ | സമയ പരിധി | ഉൽപ്പന്നങ്ങൾ |
|---|---|---|---|---|
| 1. | ഹിന്ദി വർണ്ണ്, ചിഹ്ന് ജ്ഞാന | അക്ഷരങ്ങളും ചിഹ്നങ്ങളും പഠിക്കാനാവശ്യമായ പ്രവർത്തനങ്ങൾ<br>✦ അക്ഷരങ്ങളുടെ പുനരാവൃത്തി വരുന്ന കുട്ടിക്കവിതകൾ പാടുന്നു. പഠിക്കുന്നു. അക്ഷരങ്ങൾ കണ്ടെത്തി എഴുതുന്നു. ചിഹ്നങ്ങൾ തിരിച്ചറിയുന്നു | ജൂൺ- ആഗസ്റ്റ് | 2 അക്ഷരം / 3 അക്ഷരം വരുന്ന വാക്കുകൾ ചിഹ്നങ്ങൾ ചേർത്ത് തെറ്റ് കൂടാതെ എഴുതുന്നു. |
| 2. | ശബ്ദ് സേ വാക്യ തക് | ✦ ചിഹ്ന യുക്ത അക്ഷരങ്ങളെ ക്രമരഹിതമായ് നൽകിയതിൽ നിന്ന് വാക്കുകൾ നിർമ്മിക്കുക. പ്രത്യയങ്ങളെ തിരിച്ചറിയുവാൻ ലഘു വാക്യങ്ങൾ കേൾക്കുകയും എഴുതുകയും ചെയ്യുന്നു.<br>✦ ക്രമീകരിച്ച വാക്കുകൾ ചേർത്ത് വാക്യങ്ങൾ നിർമ്മിക്കുന്നു. | സെപ്റ്റംബർ- ഒക്ടോബർ | പ്രത്യയങ്ങൾ ചേർത്ത് പൂർണ്ണ വാക്യങ്ങൾ തയ്യാറാക്കുന്നു. |
| 3. | മീഠീ സുരീലീ കവിത | ✦ സുരീലി കവിതകൾ കേൾക്കുന്നു. ആസ്വദിക്കുന്നു. താളാത്മകമായ് അവതരിപ്പിക്കുന്നു. കുട്ടികൾ സ്വന്തമായ് കുട്ടിക്കവിതകൾ രചിക്കുന്നു വരികൾ കൂട്ടിച്ചേർക്കുന്നു. താളവും ഈണവും നൽകി അവതരിപ്പിക്കുന്നു. | നവംബർ - ഡിസംബർ | സുരീലി കവിത രചിക്കുന്നു. ഈണം നൽകി അവതരിപ്പിക്കുന്നു. |

| | | | | |
|---|---|---|---|---|
| **4.** | ഹർദിൻ ഹിന്ദി | ദൈനം ദിന ജീവിതത്തിലെ സാഹചര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള സംഭാഷണങ്ങൾ എഴുതുന്നു. ഗ്രൂപ്പുകളായ് തിരിഞ്ഞ് അവതരിപ്പിക്കുന്നു. ചെറു സ്കിറ്റുകൾ അവതരിപ്പിക്കുന്നു | ജനുവരി - മാർച്ച് | സംഭാഷണങ്ങൾ എഴുതി അവതരിപ്പിക്കുന്നു. ചെറു സ്കിറ്റുകൾ അവതരിപ്പിക്കുന്നു |

Prepared by:

*SEENA PHASALUDHEEN (HST hindi)*

*GMHS KARIPPOL*

# GMHS KARIPPOL

## ACADEMIC MASTER PLAN (ARABIC)

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| **വായന**<br>കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക, വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക, നല്ല വായനക്കാരനാവുക | അറബിക് ലൈബ്രറി ശാക്തീകരണം.<br>അറബിക് ലൈബ്രറി വിഭാഗം കാര്യക്ഷമമാക്കുന്നു.<br>പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു.<br>കഥകൾ,കവിതകൾ, ചിത്രകഥകൾ.........<br>വായനാ കോർണർ സ്ഥാപിക്കുന്നു. | 6 മാസം<br>ജൂൺ–നവംബർ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | ബി.ആർ.സി<br>ഡയറ്റ്<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |
| **എഴുത്ത്**<br>എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു.<br>ഓരോ ക്ലാസിലും അറബിയിൽ കഥയും കവിതയും മറ്റു വിഭവങ്ങളും ഉൾക്കൊള്ളിച്ച് ക്ലാസ്സ് കയ്യെഴുത്ത് മാഗസിനുകൾ കുട്ടികൾ നിർമ്മിക്കുന്നു. ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകും. | സെപ്റ്റംബർ-നവംബർ | | അധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ |
| | കയ്യെഴുത്ത് മാഗസിനിലെ മികച്ച ആർട്ടിക്കുകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കും. | നവംബർ-ഡിസംബർ | | സ്പോൺസർഷിപ്പ് |
| **അറിവിൻ തിളക്കം**<br>അറബിയിൽ അറിവ് നേടുക | മാസാന്ത ക്വിസ് കാർണിവൽ.<br>ഓരോ മാസവും നിശ്ചിത തിയ്യതിയിൽ ക്വിസിന്റെ ചോദ്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഉത്തരമെഴുതി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുന്നു.അതിൽ നിന്ന് ശരിയുത്തരം | ജൂൺ മുതൽ എല്ലാ മാസവും | ബോക്സ്, ലാപ്ടോപ്പ് | അധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |

| | | | | |
|---|---|---|---|---|
| | കണ്ടെത്തിയ മരാൾക്ക് സമ്മാനം നൽകുന്നു. | ജൂലായ്-ആഗസ്റ്റ് | ന്യൂസ് സൗണ്ട് ബോക്സ് | അധ്യാപകർ |
| **പ്രതിഭകളെ കണ്ടെത്തൽ** | പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്നു.<br>അറബി സാഹിത്യോത്സവത്തിലെ മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു. | | പോസ്റ്ററുകൾ | അധ്യാപകർ |
| **ദിനാചരണങ്ങൾ**<br>ദിനാചരണത്തെ കുറിച്ചുള്ള അവബോധം ഉണ്ടാകുന്നു. | നല്ല ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു. | നവംബർ | സി.ഡി, കമ്പ്യൂട്ടർ,ടിവി പ്രൊജക്ടർ | അധ്യാപകർ |
| **ആസ്വാദനം** | ഐ.ടി സാധ്യതകൾ പ്രയോജനപ്പെടുത്തി കഥ, കവിത, അനിമേഷൻ, ഫിലിം പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. | ജനുവരി | സി.ഡി, കമ്പ്യൂട്ടർ,ടിവി പ്രൊജക്ടർ | അധ്യാപകർ |
| **അറബിക് ലാംഗ്വേജ് ലാബ്** | തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുക | ഡിസംബർ | സി.ഡി, കമ്പ്യൂട്ടർ,ടിവി, പ്രൊജക്ടർ | ബി.ആർ.സി ഫണ്ട്<br>പൂർവ്വ വിദ്യാർത്ഥികൾ സ്പോൺസർഷിപ്പ് |
| അറബി ഭാഷയെ കുറിച്ച് കൂടുതലറിയാൻ | ഫെസ്റ്റ് സംഘടിപ്പിക്കുന്നു. പോസ്റ്റർ പ്രദർശനം ഫിലിം പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു. | | | |

## മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English Class<br>English Library നവീകരണം.<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly | അവധിക്കാലം / ശനിയാഴ്ചകൾ | പി.ടി.എ, ടീച്ചേർസ് | പി.ടി.എ, മാനേജ്മെന്റ് |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary- Profile & Script തയ്യാറുക്കുന്നതിനുവേണ്ടി English Cinema യുടെ ചിലരംഗങ്ങൾ പ്രദർശിപ്പിക്കുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേർസ്, SRG | ഇംഗ്ലീഷ് ക്ലബ്ബ് മാനേജ്മെന്റ് |
| | Role play, English Day ആചരണം, Seminar ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അദ്ധ്യാപകർ | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ, SRG, ടീച്ചേർസ് | ഇംഗ്ലീഷ് ക്ലബ്ബ് |
| | ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simply Games, English പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions | ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പി.ടി.എ, ടീച്ചേർസ് | |
| 4) നാടകീകരണം | English Assembly, Skit, Puppet Show, English Lab | ക്ലാസ് റൂം പ്രവർത്തനങ്ങൾ | പി.ടി.എ, SRG, ടീച്ചേർസ് | പി.ടി.എ |
| | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ശനിയാഴ്ചകൾ, ക്യാമ്പ് | ഇംഗ്ലീഷ് ക്ലബ്ബ് | രക്ഷിതാക്കൾ |

# മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം. | ക്ലാസ് പ്രവർത്തനങ്ങൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | വെക്കേഷൻ, ശനിയാഴ്ചകൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>Book Reviews<br>രചനകളുടെ പ്രദർശനം (Magazine) | വർഷത്തിൽ രണ്ട് പ്രാവശ്യം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 6) സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു. | വെക്കേഷൻ (ഓണം, ക്രിസ്മസ്) | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, SRG, മാനേജ്മെന്റ് |
| | English fest, English film കാണാനുള്ള അവസരം | അക്കാദമിക വർഷത്തിൽ രണ്ട് | ഇംഗ്ലീഷ് ക്ലബ്ബ് | |
| 7) സംവാദ സദസുകൾ സംഘടിപ്പിക്കുക | Native Speakers മൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു. | ശനിയാഴ്ചകൾ/വെക്കേഷൻ | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| | ഇപ്പോൾ ജീവിച്ചിരിക്കുന്ന English writers, Poets-യുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | അക്കാദമിക വർഷം രണ്ട് തവണ | | |

## മേഖല – ഹൈസ്കൂൾ – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ആശയ ധാരണ കൈവരിക്കൽ | **ഒപ്പത്തിനൊപ്പം,** പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക്ക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2) നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | ടീച്ചേർസ് ഗ്രാന്റ് |
| 3) ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ. | ഫീൽഡ് ട്രിപ് സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പി.ടി.എ | പി.ടി.എ |

## മേഖല – ഹൈസ്കൂൾ – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4) ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ. | ശില്പശാല നടത്തുന്നു, ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിത ക്ലബ്ബ് | പി.ടി.എ |
| 5) സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ, സംഘ തലവൻ | |
| 6) അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം, തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |
| 7) ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിത ഗ്രാമം കുട്ടികൾ കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചകളിലും, മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ് മാനേജ്മെന്റ് |
| 8) ഗണിത മത്സരവേദിയിലേക്ക് മേളകളിൽ ഉയർന്ന സ്ഥലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ. മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 9) ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ. | മെയ് / ജൂൺ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 10) രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നടത്തുന്ന ചുമതലകൾ നൽകുന്നു. | എല്ലാ അധ്യാപകരും | അധ്യാപകർ, HM, പി.ടി.എ. പ്രസിഡണ്ട് | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഫിസിക്കൽ സയൻസ്

1. സയൻസ് ലാബ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുക
   പ്രവർത്തനം
   ഫിസിക്സ് കെമിസ്ട്രി വിഷയങ്ങളിലെ പാഠഭാഗങ്ങൾക്ക് അനുസൃതമായി ഉപകരണങ്ങൾ രാസവസ്തുക്കൾ എന്നിവ കൃത്യമായി ലഭ്യമാക്കുക.
2. മികവ് നിലനിർത്തൽ
   പ്രവർത്തനം
   2025-26 വർഷത്തിൽ SSLC പരീക്ഷയിൽ 100% വിജയം നേടുന്നതിനും ഏറ്റവും ഉയർന്ന ഗ്രേഡുകൾ നേടുന്ന കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും വേണ്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുക
   - കുട്ടികളുടെ പഠന നിലവാരത്തിന് അനുസരിച്ചുള്ള പഠന സാമഗ്രികൾ തയ്യാറാക്കുക
   - കൂടുതൽ ശ്രദ്ധ ആവശ്യമുള്ള കുട്ടികൾക്ക് പരിഹാരബോധനം നൽകുക
   - കൃത്യമായ ഇടവേളകളിൽ യൂണിറ്റ് ടെസ്റ്റുകൾ നടത്തുക
   - രക്ഷിതാക്കളുടെയും അധ്യാപകരുടെയും കൂട്ടായ പ്രവർത്തനങ്ങൾ
   - ഗൃഹ സന്ദർശനം,അധികസമയ ക്ലാസുകൾ,കൗൺസിലിംഗ് തുടങ്ങിയവ നടപ്പിലാക്കുക
3. കുട്ടികളുടെ ശാസ്ത്ര മികവുകൾ പ്രദർശിപ്പിക്കാനുള്ള അവസരം നൽകുക
4. ശാസ്ത്രം സമൂഹ നന്മയ്ക്ക്
   പ്രവർത്തനം
   - ഊർജ്ജ സംരക്ഷണ ബോധവൽക്കരണം
   - കുടിവെള്ള പരിശോധന
   - പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ
   - മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ

## സാമൂഹ്യശാസ്ത്രം ഹൈസ്കൂൾ വിഭാഗം

## അക്കാദമിക് മാസ്റ്റർ പ്ലാൻ – 2025-26

### വിഷയത്തിന്റെ പരിമിതികൾ

വ്യക്തികൾ, സ്ഥലങ്ങൾ, സംഭവങ്ങൾ എന്നിവയെ കൃത്യമായി മനസ്സിലാക്കി വസ്തുതകൾ ആർജ്ജിച്ചെടുക്കാൻ നേരിടുന്ന പ്രയാസം.

ഭൂമിശാസ്ത്രം മനസ്സിലാക്കുന്നതിലെ സാങ്കേതിക പ്രയാസങ്ങൾ.

പഠിക്കുന്ന വിഷയങ്ങൾ ജീവിതത്തോട് താദാത്മ്യം ചെയ്യാനും പ്രയോഗത്തിൽ വരുത്താനുമുള്ള ബുദ്ധിമുട്ട്.

പരീക്ഷയിലെ നേട്ടം, എ പ്ലസ് ലഭ്യത എന്നിവ മാത്രം ലക്ഷ്യം വെച്ചുള്ള പഠന സ്വഭാവം.

പ്രായോഗികമായി അറിവുകൾ ഉപയോഗപ്പെടുത്തുന്നില്ല.

ഭാഷാപരമായി, എഴുതാനും, വായിക്കാനുമുള്ള ചില കുട്ടികളുടെ ശേഷി കുറവ്

പത്രവായനയുടെ കുറവ്,

വായിക്കുന്ന വാർത്തകളിലെ വിശ്വാസ്യത എത്രമാത്രമെന്ന് വേർതിരിച്ച് അറിയാനുള്ള പ്രയാസം

ഒരേ സംഭവത്തെ കുറിച്ചുള്ള വ്യത്യസ്ത നിരീക്ഷണങ്ങൾ കുട്ടികളിലുണ്ടാക്കുന്ന ആശയക്കുഴപ്പം

പാഠപുസ്തകങ്ങളിലെ അപൂർണ്ണമായ ചില ഭാഗങ്ങൾ കുട്ടികളിൽ ഉണ്ടാക്കുന്ന ആശയക്കുഴപ്പം.

പാഠഭാഗങ്ങളുടെ ബാഹുല്യം

### ലക്ഷ്യങ്ങൾ

സാമൂഹ്യശാസ്ത്രവിഷയങ്ങളിൽ താത്പര്യം ജനിപ്പിക്കുക.

പ്രശ്നപരിഹാരശേഷി വളർത്തുക.

നേതൃത്വപാടവം വളർത്തുക.

പാരിസ്ഥിതികബോധം വളർത്തുക

സ്വയം ആരെന്ന് കണ്ടെത്താനുള്ള മനോഭാവം വളർത്തുക.

ജനാധിപത്യമനോഭാവം വളർത്തുക.

അന്ധവിശ്വാസങ്ങളോടും അനാചാരങ്ങളോടും പ്രതികരണശേഷി ഉയർത്തുക.

പൗരബോധം വളർത്തുക.

ഗവേഷണ നിരീക്ഷണപാടവം വളർത്തുക
എ പ്ലസ് എണ്ണം കൂട്ടി പ്രതിഭകളെ വാർത്തെടുക്കുക

എൻ എം എം എസ്,ക്വിസ് മത്സരങ്ങളിൽ കുട്ടികളെ സജ്ജരാക്കുക

## ഉപലക്ഷ്യങ്ങൾ

ഐ.സി.ടി സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി സാമൂഹ്യ ശാസ്ത്ര പഠനം കൂടുതൽ ആകർഷകമാക്കുക

ജി.കെ അപ്ഡേഷനിലൂടെ കുട്ടികളെ അപ്ഡേറ്റഡ് ആക്കുക.

സാമൂഹ്യ വിഷയങ്ങളിൽ കുട്ടികളെ ഇടപെടാൻ പ്രാപ്തരാക്കുക

പൊതുവായ വിഷയങ്ങളിൽ സമഗ്രമായ അവലോകനങ്ങൾ നടത്താനുള്ള കഴിവ് ഉണ്ടാക്കുക.

**പ്രവർത്തനങ്ങൾ**

| മേഖല - ഹൈസ്കൂൾ - സാമൂഹ്യശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| നാടിന്റെ ചരിത്രം മനസ്സിലാക്കുക | **നാടിനെ അറിയാൻ**<br>തിരുനാവായയിലേക്ക് ഫീൽഡ് ട്രിപ്പ്<br>മാമാങ്കത്തിന്റെ ചരിത്രശേഷിപ്പുകൾ മനസ്സിലാക്കാൻ തിരുനാവായയിലേക്ക് എസ് എസ് ക്ലബ്ബ് നേതൃത്വത്തിൽ ഫീൽഡ്ട്രിപ്പ് | ഡിസംബർ അവസാന ആഴ്ച | എസ് എസ് ക്ലബ്ബ് | സ്പോൺസർ കുട്ടികൾ |
| പ്രകൃതി സ്നേഹം,സഹവാസം എന്നിവ ഉണ്ടാക്കിയെടുക്കുക | പുഴ പഠനം<br>നിളയുടെ തീരങ്ങളെ അറിയാനും അതിന്റെ തീരത്തെ ജനജീവിതമറിയാനും പുഴയാത്ര. | അധ്യയന വർഷം | അധ്യാപകർ | പ്രത്യേക ചെലവ് ആവശ്യമില്ല |
| ജനാധിപത്യ മൂല്യങ്ങൾ പരിശീലിപ്പിക്കുക | ജനാധിപത്യം<br>ഇ- ഇലക്ഷൻ സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ്, മോക് പാർലമെന്റ് സ്കൂൾ പാർലമെന്റ് | അധ്യയന വർഷം | എസ് എസ് ടീച്ചേഴ്സ് എസ് എസ് ക്ലബ്ബ് | അധ്യാപകർ |
| സാമൂഹിക ധാരണകൾ, ഇടപെടലുകൾ, പ്രതികരണ ശേഷി എന്നിവ വളർത്തിയെടുക്കുക | സംവാദം മാസത്തിൽ ഒരു ദിവസം വിവിധ വിഷയങ്ങളിൽ ഡിബേറ്റ് | അധ്യയന വർഷം | എസ് എസ് ക്ലബ്ബ് | പ്രത്യേക ചെലവ് ആവശ്യമില്ല |

| | | | | |
|---|---|---|---|---|
| ഗവേഷണ ആഭിമുഖ്യം, വിവരങ്ങൾ ശേഖരിക്കാൻ, പ്രാപ്തരാക്കാൻ | **പ്രാദേശിക ചരിത്ര പഠന ഗ്രൂപ്പ്**<br>പ്രാദേശിക ചരിത്ര പഠന ഗ്രൂപ്പുകൾ ഉണ്ടാക്കി കുട്ടികൾ പ്രദേശത്തിന്റെ പ്രാദേശിക ചരിത്രം നിർമ്മിക്കുന്നു. പഠനങ്ങൾ പ്രസിദ്ധീകരിക്കുന്നു.<br>1 വില്ലേജ് തിരിഞ്ഞ പ്രാദേശിക സമൂഹങ്ങളും<br>2 പ്രാദേശിക ഭരണകൂടം | അധ്യയന വർഷം | അധ്യാപകർ | അധ്യാപകർ |
| കുട്ടികൾക്ക് പഠനം എളുപ്പമാക്കാൻ ഡോക്യുമെന്ററി ഉപയോഗപ്പെടുത്തുക. | **റീൽ നിർമ്മാണം**<br>ഐസിടി സാധ്യതകൾ ഉപയോഗപ്പെടുത്തി റീലുകൾ നിർമ്മിക്കുന്നു | എസ് എസ് ക്ലബ് | അധ്യയന വർഷം | പ്രത്യേക ചെലവ് ഇല്ല |
| പത്ര ദൃശ്യ മാധ്യമ ധാരണകൾ വളർത്തുക അറിവുകൾ അപ്ഡേറ്റ് ചെയ്യുക | **ജി.കെ ക്ലബ്** പൊതു വിജ്ഞാനം വളർത്താൻ പത്രവാർത്തകളെ അധികരിച്ചുള്ള പഠന ഗ്രൂപ്പുകളും ക്വിസ് മത്സരങ്ങളും ലൈബ്രറിയിൽ ജി.കെ കോർണർ | അധ്യാപകർ | അധ്യയന വർഷം | അധ്യാപകർ |
| ഗവേഷണ അഭിരുചി വളർത്തുക | **എസ് എസ് ലാബ്** വ്യത്യസ്ത ഇനം മണ്ണ്, കല്ലുകൾ എന്നിവ ശേഖരിച്ച് കുട്ടികളുടെ ഗവേഷണ കഴിവുകൾ വികസിപ്പിക്കുക | അക്കാദമിക് കൗൺസിൽ | അധ്യയന വർഷം | അധ്യാപകർ |
| അക്കാദമിക് സംഘത്തെ നവീകരിക്കുക | **മേളകൾ**<br>സാമൂഹ്യ ശാസ്ത്ര മേളകളിൽ കുട്ടികളെ സജ്ജമാക്കൽ | അധ്യാപകർ | അധ്യയന വർഷം | സ്കൂൾ/അധ്യാപകർ |
| സാമൂഹിക ധാരണകൾ ഉറപ്പിക്കുക | **ഡിജിറ്റൽ മാഗസിൻ** | അക്കാദമിക് കൗൺസിൽ | അധ്യയന വർഷം | അധ്യാപകർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ

| ക്രമ നം. | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | പരിസ്ഥിതി സംരക്ഷണം | • പ്രത്യേക അസംബ്ലിളിയിൽ ഹരിതകർമ സേനയെ ആദരിക്കുന്നു.<br>• പ്ലാസ്റ്റിക് പുനരുപയോഗത്തെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സ്.<br>• ഇൻസിനറേറ്ററുകളുടെ പ്രവർത്തനം പരിചയപ്പെടുത്തൽ. | ജൂൺ മുതൽ ഓഗസ്റ്റ് വരെ | സയൻസ് ക്ലബ്ബ്<br>ഹരിത സേന<br>JRC | PTA | |
| 2 | ലഹരിവിരുദ്ധപ്രവർത്തനം | • തെരുവ് നാടകം<br>• ഫ്ളാഷ് മോബ്<br>• ലഹരിവിരുദ്ധ പ്രതിജ്ഞ | സെപ്റ്റംബർ മുതൽ നവംബർവരെ | Teens Club | SMC | |
| 3 | കാർഷിക മേഖല | • ഡോക്യുമെന്ററി തയ്യാറാക്കൽ<br>• കൃഷി ചെയ്യുന്നതിനുള്ള മനോഭാവം കുട്ടികളിൽ രൂപപ്പെടുത്തുക.<br>• ജൈവ കൃഷിയിൽ പ്രോത്സാഹനം<br>• കൃഷിയിൽ സ്വയം പര്യാപ്തത<br>• പച്ചക്കറി വിത്തുകൾ, തൈകൾ എന്നിവ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുക | ഡിസംബർ മുതൽ ഫെബ്രുവരിവരെ | PTA<br>SMC<br>പരിസ്ഥിതി ക്ലബ്ബ്<br>ഹരിതസേന<br>JRC | PTA<br>അദ്ധ്യാപകർ<br>ക്ലബ്ബുകൾ<br>പൂർവ്വ വിദ്യാർത്ഥികൾ | |

| | | | | | | |
|---|---|---|---|---|---|---|
| | | • സ്കൂളിൽ പച്ചക്കറി ത്തോട്ടം<br>• മാതൃസസ്യങ്ങളിൽ നിന്ന് വിത്തുകൾ ശേഖരിച്ച് വിത രണം<br>• കുട്ടികൾക്ക് വിവിധ കൃഷി രീതികൾ പരിചയപ്പെടു ത്തുക<br>• കുട്ടികൾ ചെയ്യുന്ന കൃഷി യിലെ വിലയിരുത്തൽ<br>• ഗ്രോബാഗുകളുടെ വിത രണം | | | | |

## കലാ വിദ്യാഭ്യാസം

| ക്രമ നം. | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | ചിത്രകല, പരസ്യകല, സംഗീതം, ശിൽപകല, നാടകം, നൃത്തം, സിനിമ, ഫോട്ടോഗ്രഫി | കുട്ടികളുടെ സൃഷ്ടികൾ പ്രദർശിപ്പിക്കുന്നതിനും കലാ സംബന്ധിയായ നിരവധി വിവരങ്ങൾ പ്രകാശിപ്പിക്കുന്നതിനുമായി ഒരു പോർട്ടബിൾ ആർട്ട് ഗാലറി രൂപീകരിക്കുന്നു.<br>നിരന്തരം പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ 2026 – ഫെബ്രുവരി വരെയും | കലാധ്യാപകൻ | | |
| 2. | ശിൽപകല, ക്രാഫ്റ്റ്, പരിസ്ഥിതി സംരക്ഷണം | 'Trash to Tressure' എന്ന പേരിൽ പ്ലാസ്റ്റിക് പുനരുപയോഗം സംബന്ധിച്ച ഒരു പഠന പാർക്ക് നിർമ്മിക്കുന്നു. വിവിധ മാതൃകകളും വിവരങ്ങളും കലാ ചാതുരിയോടെ ക്രമീകരിച്ച് പ്രദർശിപ്പിക്കുന്നു. | സെപ്തംബർ മുതൽ നവംബർ വരെ | കലാധ്യാപകൻ<br>വിദ്യാർത്ഥികൾ<br>JRC,ഹരിതസേന | | |
| 3. | ലഹരി വിരുദ്ധ പ്രവർത്തനം, പരിസര ശുചീകരണം, ഗ്രാഫിറ്റി / മ്യൂറൽ ആർട്ട് നൃത്തം, സംഗീതം, നാടകം, സിനിമ, പരസ്യകല, ഫോട്ടോഗ്രഫി | വിദ്യാലയത്തിലെ വിവിധ ചുവരുകളിൽ പ്രബോധന ചിത്രങ്ങൾ കുട്ടികളുടെ സഹായത്തോടെ വരയ്ക്കുന്നു.<br>റീൽസ് നിർമ്മാണം.<br>ഷോർട്ട് ഫിലിം, ഫ്ളാഷ് മോബ്,ഫോട്ടോ പ്രദർശനം,മത്സരങ്ങൾ, ശബ്ദ നാടകങ്ങൾ, **Individual Perfomances.** | ഡിസംബർ മുതൽ 2026 ഫെബ്രുവരി വരെ | കലാധ്യാപകൻ<br>വിദ്യാർത്ഥികൾ<br>JRC,ഹരിതസേന<br>ഗ്രീൻ ഗാർഡ് | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## ആരോഗ്യ കായിക വിദ്യാഭ്യാസം.

| ക്രമനമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണച്ചുമതല | സാമ്പത്തികം | റിമാർക്ക് (ലക്ഷ്യം) |
|---|---|---|---|---|---|---|
| 1 | ആരോഗ്യ കായിക വിദ്യാഭ്യാസം | Drill & March,foot ball team selection | 1 മാസം | സ്കൂൾതല സമിതി | വിദ്യാലയ വികസന സമിതി | * March past, Assembly - formation പഠിപ്പിക്കുന്നു. |
| 2 | ആരോഗ്യ കായിക വിദ്യാഭ്യാസം | UP,HS കുട്ടികൾക്ക് Mass PT Exercise . | 3 മാസം | സ്കൂൾതല സമിതി | വിദ്യാലയ വികസന സമിതി | * മുഴുവൻ കുട്ടികളെയും Mass PT Exercise ൽ നിപുണരാക്കുന്നു. |
| 3 | ആരോഗ്യ കായിക വിദ്യാഭ്യാസം | ദിനാചരണങ്ങൾ | ജനുവരി മുതൽ ഫെബ്രുവരി വരെ. | സ്കൂൾതല സമിതി | വിദ്യാലയ വികസന സമിതി | * സ്വാതന്ത്ര്യ ദിന പരേഡിന് കുട്ടികളെ തയ്യാറാക്കുന്നു. |
| 4 | ആരോഗ്യ കായിക വിദ്യാഭ്യാസം | സ്കൂൾ കായിക മേള , Football team and Athletics Special Coching | 2 മാസം | സ്കൂൾതല സമിതി | വിദ്യാലയ വികസന സമിതി | * Select ചെയ്ത കുട്ടികൾക്ക് സ്കൂൾ സമയം കഴിഞ്ഞ് പ്രത്യേക പരിശീലനം നൽകുന്നു. |

# ACADEMIC MASTER PLAN

## UP

## 2025-26

# മാതൃഭാഷ - പഠനമികവ്

**മേഖല: അക്കാദമികം**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | പഠന പിന്നാക്കാവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്തി ശരാശരി നിലവാരത്തിലെത്തിക്കുക | 1. കുട്ടികളുടെ പഠനനിലവാരം കണ്ടെത്തുന്നതിന് പ്രീ ടെസ്റ്റ് നടത്തുക.<br>2. ചോദ്യങ്ങൾ ഹാർഡ് കോപ്പി അല്ലെങ്കിൽ ICT സഹായത്തോടെ ആവണം.<br>3.വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കൽ | ജൂൺ മാസം രണ്ടാം വാരം | അധ്യാപകർ | PTA<br>SSA |
| 2 | കുട്ടികളെ ശരാശരി പഠന നിലവാരത്തിൽ എത്തിക്കുക | 1. കുട്ടികളെ ശരാശരി പഠനനിലവാരത്തിൽ എത്തിക്കാനുതകുന്ന വായന കാർഡ്,ചിത്ര കാർഡ്, അക്ഷര കാർഡ്,ലഘു മാസികകൾ ഉൾപ്പെടുന്ന മൊഡ്യൂൾ തയ്യാറാക്കൽ<br>**2.വിജയസ്പർശം** പദ്ധതിയുടെ ഭാഗമായി പ്രവർത്തനം തുടരൽ<br>3. മൊഡ്യൂൾ രക്ഷിതാക്കളെ പരിചയപ്പെടുത്തൽ<br>4. ഹോം അസൈൻമെന്റുകൾ നൽകൽ<br>5. അനുയോജ്യമായ പരിപോഷണോപാധികളിലൂടെ പഠന താത്പര്യം ജനിപ്പിക്കൽ | 1 വർഷം | അധ്യാപകർ, രക്ഷിതാക്കൾ | BRC |
| 3 | ഭാഷയുടെ അടിസ്ഥാനശേഷി വികസനം.<br>ആശയസംവേദനം നടത്താനും | 1. ഭാഷാകേളി: അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ<br>ജൂലൈ | അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | [illegible] | 2. [illegible]<br><br>3. വാർത്താ മാധ്യമങ്ങൾ, പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണങ്ങൾ ഉണർത്തുകയും ഉച്ചാരണശുദ്ധി വരുത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | | |
| 4 | പഠനനിലവാരത്തിലെ മാറ്റം തിരിച്ചറിയുക | 1. ഇടയ്ക്കിടെ ടെസ്റ്റുകൾ നടത്തി കുട്ടിയുടെ പഠന പുരോഗതി കണ്ടെത്തി CPTA ൽ അവതരിപ്പിക്കൽ.<br><br>2. മികച്ചവർക്ക് പുരസ്കാരം നൽകൽ | 1 വർഷം | അധ്യാപകർ | PTA<br><br>SSA |
| 5 | എല്ലാ കുട്ടികൾക്കും പഠന നേട്ടം ഉറപ്പാക്കുക | 1. എല്ലാ ആഴ്ചയിലും പഠന പുരോഗതി ചർച്ച ചെയ്യുന്നതിനും അവലോകനം നടത്തുന്നതിനും SRG യോഗം ചേരലും അതിനു മുന്നോടിയായി നടത്തുന്ന സബ്ജക്ട് കൗൺസിലും<br><br>2. തുടർ പ്രവർത്തനങ്ങൾക്കാവശ്യമായ ആസൂത്രണം നടത്തൽ<br><br>3. പഠനോപകരണങ്ങൾ, ICT എന്നിവ മുൻകൂട്ടി തയ്യാറാക്കണം | ആഴ്ചയിൽ ഒരു ദിവസം | HM<br><br>SRG | |
| 6 | അക്കാദമിക പ്രവർത്തനങ്ങൾക്ക് വിഭവ സേവനം ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്തൽ | 1. ഓരോ ക്ലാസിലും പ്രത്യേക SSG രൂപീകരിക്കൽ.<br><br>2. വിഭവസേവനം മികവിനായി കൈകൊള്ളൽ<br><br>3. അനുസ്യൂതമായ | വർഷത്തിൽ മൂന്നോ നാലോ തവണ | HM<br><br>PTA | PTA<br><br>SSA |

| | | | | | |
|---|---|---|---|---|---|
| | | 4. ആവശ്യമായ സന്ദർഭങ്ങളിൽ സേവനം ഉപയോഗപ്പെടുത്തൽ | | • | |
| 7 | പഠനപ്രക്രിയയിൽ പ്രഗത്ഭരുടെ സാന്നിധ്യം ഉറപ്പുവരുത്തൽ | 1. പ്രഗത്ഭരായ വ്യക്തികളെ ഉൾപ്പെടുത്തി ക്ലാസ്സുകൾ സംഘടിപ്പിക്കൽ<br>2. പഠനമികവ് വിലയിരുത്തൽ<br>3. പഠനനിലവാരം തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കുകയും പഠനനിലവാരം ഉയർത്തുകയും ചെയ്യൽ | വർഷത്തിൽ മൂന്നോ നാലോ തവണ | PTA<br>SSG | PTA<br>SSG |
| 8 | വ്യത്യസ്ത കഴിവുള്ളവരെ തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കൽ | 1. പഠന മികവ് പുലർത്തുന്നതിന് സഹായകമായ ക്വിസ് മത്സരങ്ങൾ, പ്രകടന മത്സരങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുക<br>2. മികച്ച വരെ ആദരിക്കൽ | ദിനാചരണ ങ്ങളോട് അനുബന്ധി ച്ച് | അധ്യാപകർ<br>• | |
| 9 | സർഗ്ഗസല്ലാപം<br>ഭാഷയിലൂടെ വിവിധ ശേഷികളുടെ മികവ് നേടുക | 1. പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിൽ എത്തിക്കൽ<br>2. വായന /എഴുത്ത് അനുഭവങ്ങൾ പങ്കുവെക്കൽ | വർഷത്തിൽ 3 തവണ | HM<br>PTA | |
| 10 | ഭാഷാ കളരി ശില്പശാല : സർഗ്ഗശേഷികളുടെ വികസനം | 1. പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യത്തെ മറ്റൊരു വ്യവഹാര രൂപത്തിലേക്ക് മാറ്റൽ<br>2. പ്രശസ്ത സാഹിത്യകാരന്മാരുമായി അഭിമുഖം<br>3. വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ<br>4. സ്ക്രിപ്റ്റ് തയ്യാറാക്കി നാടകം അവതരിപ്പിക്കൽ<br>5. കഥ/കവിത രചനകൾ നടത്തൽ | വർഷത്തിൽ മൂന്നു തവണ | PTA<br>MTA<br>• | |

| | | | | | |
|---|---|---|---|---|---|
| | | 6. ഉത്പന്നങ്ങൾ പതിപ്പാക്കി മാറ്റൽ<br><br>7. പാഠഭാഗങ്ങളെ പതിപ്പാക്കി മാറ്റൽ<br><br>8. ഉത്പന്ന പ്രദർശനം | | | |
| 11 | നാടകക്കളരി: ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | 1. പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ/ ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്കാരം | വിവിധ ദിനാചരണ വേളകളിൽ | HM<br><br>PTA | കുട്ടികൾ |

**ACADEMIC MASTER PLAN-2025-26**
**GMHS KARIPPOL**

ENGLISH

Necessity is the mother of invention.'Language learning is also need based.Nowadays English is necessary ,as a global language. We learned our mother tongue unknowingly ,through an unconcious effort.English is not our mother tongue,so we want to recreate somewhat similar occassions to learn easily.We planned to provide maximum comfort to the learner.

| **First term5,6,7th STD,GMHS KARIPPOL** | | | | | |
|---|---|---|---|---|---|
| **Focus** | **Assessment** | **Findings** | **Remedial measures** | **Assessment** | **Activities related to TB** |
| **Listening and Reading** | A speech by UN secretary general and write down as many words they are familiar with.<br><br>MODEL READING Model reading by teacher. Motivate them to read by thus. MODEL READING Model reading by peer. | What are the difficulties faced by you while listening the speech? Expected answer. They noticed that the pronunciation is somewhat different from they have heard. | 1.Ask them to listen English songs<br>2.Watch films, short films, cartoons...<br>3.Ask them to listen news everyday and find out words they have identified and note down.<br>4.News reading in the classroom and give grade according to their performance. | 1.Singing English songs(TB)<br>2.Reading news<br>3.Conversation (TB)<br>4.Reels<br>5.Every day reading of text book.<br>6.Peer assessment by mentors<br>7.Teacher assessment by other teachers. 5th std teacher may assess 7th std,& 6th std... | 1.Self introduction - 5th STD<br>2.Friendship card<br><br>1.Roleplay-6th STD<br>2.Cookery show<br><br>1.Puppet making workshop-7thSTD<br>2.Puppetry<br>3.Reading fest. |

## 2nd Term5,6,7th STD,GMHS KARIPPOL

| Focus | Assessment | Findings | Remedial measures | Assessment | Activities related to TB |
|---|---|---|---|---|---|
| Speaking | Make them to watch a scene and ask them to narrate it. | 1.They are shy to speak out in English.<br>2.They do not know apt words for speaking. | 1.Extempore speech (Everyday)<br>2.Vocabulary game (Everyday) | Story telling competition | 1.Picture narration<br>2.Create situations of household chores in classroom<br>3.Make reels from cartoons<br>4.Story telling<br>5.Narrate their journey experiences from school to home. |

## 3rd Term5,6,7th STD,GMHS KARIPPOL

| Focus | Assessment | Findings | Remedial measures | Assessment | Activities related to TB |
|---|---|---|---|---|---|
| Reading and writing | Reading and writing game | They can read but not able to write properly. | 1.Story sequencing<br>2.Story completion<br>3.Narrate their own experience<br>4.Reading card making<br>5.Story making<br>6.Story telling competition and give rewards. | Write down a story and present it before the class | Do not have the TB right now. |

## മേഖല യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഹിന്ദി അക്ഷര ജ്ഞാനം ഉറപ്പാക്കൽ ഹിന്ദി അക്ഷരങ്ങൾ മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഉച്ചാരണവും അക്ഷരങ്ങളും പരിചയപ്പെടാനും അവസരം ഒരുക്കുക പരിശീലിപ്പിക്കുക | പുതിയ പാഠങ്ങൾ, പദങ്ങൾ ചെറു കഥകൾ എന്നിവ വരുന്ന ഹിന്ദി അക്ഷരങ്ങളോട് ചേർത്ത് പരിചയപ്പെടുത്തും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് ക്ലാസ്സിൽ അക്ഷര ചാർട്ട് കാണിക്കൽ എന്നിവ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അദ്ധ്യാപകർ | |
| 2. ഹിന്ദി വായന മെച്ചപ്പെടുത്തൽ ഹിന്ദി വായിക്കുവാനുള്ള പരിശീലനം ചെയ്യും | നിത്യം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും. ഒപ്പ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി.ഡി. താഴെ ഹിന്ദിയിൽ വാക്യങ്ങളുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അദ്ധ്യാപകർ | |
| 3. ഹിന്ദി സംസാരം ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കിയെടുക്കും. നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവ് പരിചയപ്പെടുത്തും | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്.........<br>ഹിന്ദി തെറ്റിച്ച് അദ്ധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും.<br>Readery fight എന്ന പേരിൽ തെറ്റാതെ ആവർത്തിക്കാതെ പാടില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അദ്ധ്യാപകർ | |

## മേഖല യു.പി. ഉർദു

| ക്രമ ം | പ്രവർത്തനം | പ്രവർത്തന ലക്ഷ്യം | കാലയളവ് | ചുമതല | ഫ□ | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | ഉറുദു വായന പാഠം ആഘോഷം | വായനാമത്സരങ്ങൾ, ക്വിസ്മത്സരങ്ങൾ ബാലമാസികകൾ, ഉറുദുപത്രങ്ങൾ, വായനാ കാർഡുകൾ തുടങ്ങിയവ വയനക്ക് ലഭ്യമാക്കൽ | വിവിധ ദിനാച രണങ്ങ ൾ | ഉറുദു സബ്ജ ക്ട്കൗ ൺസി ലർ | 1000 | സബ്ജക്ട് കൗൺസിലർ എച്ച്. എം |
| 2 | ഉറുദു കയ്യെഴുത്ത് മാഗസിൻ മേരെ അൽഫാസ് | രചനാശേഷി വളർത്തൽ ഉറുദുവിൽ മികച്ചതും ഭംഗി യുള്ള തുമായ കൈയെ ഴുത്ത് എന്നീ ലക്ഷ്യങ്ങൾ പൂർത്തീ കരിക്കുന്ന തിനും കുട്ടികളിലെ സർഗ്ഗാത്മകത വളർത്തുന്നതിനും | മാസത്തിൽ 1 വീതം | ഉറുദു സബ്ജ ക്ട്കൗ ൺസി ലർ | 500 | സബ്ജക്ട് കൗൺസിലർ എച്ച്. എം |
| 3 | പൊതു വിജ്ഞാനം ഖസാന എ ഇൽമ് | പൊതുവായതും ഉറുദു വിലുള്ളതുമായ പൊതു വിജ്ഞാനം കുട്ടികളിലെ ത്തിക്കുന്നതിന് വേ□ 1 ക്വിസ് മത്സരങ്ങൾ സംഘ ടി പ്പിക്കുക | മാസത്തിൽ 1 വീതം | ഉറുദു ക്ലബ്ബ് | 200 | സബ്ജക്ട് കൗൺസിലർ എച്ച്. എം |
| 4 | ഉറുദു ദിനം | ടാലന്റ് മീറ്റ്, അക്ഷര മരം ഭാഷാ സെമിനാർ എന്റെ പതിപ്പ് | അതാത് ദിനങ്ങ ളിൽ | ഉറുദു ക്ലബ്ബ് | 1000 | എച്ച്. എം സബ്ജക്ട് കൗൺസിലർ |
| 5 | വായനാ ആസ്വാദനം | കുട്ടി വായന, അമ്മയും കുഞ്ഞും വായന, ആസ്വാദ നക്കുറിപ്പ്, പുസ്തക ചർച്ച ക്വിസ് മത്സരം, മെഗ് ക്വിസ് | ഒരു വർഷം | ഉറുദു ക്ലബ്ബ് | 700 | സബ്ജക്ട് കൗൺസിലർ |
| 6 | ഡിജിറ്റൽ മാഗസിൻ | കുട്ടികളിലെ രചനകൾ ഉൾ പ്പെടുത്തി കൊ□ " ഡിജി റ്റൽ മാഗസിൻ തയ്യാറാ ക്കൽ | വർഷ ത്തിൽ 1 | ഉറുദു ക്ലബ്ബ് | 200 | എച്ച്. എം സബ്ജക്ട് കൗൺസിലർ |
| 7 | ദിനാചരണ ങ്ങൾ | ഭാഷാ ശേഷി വളർത്തുന്ന തിനുതകുന്ന രീതിയിൽ വിവിധദിനാചരണ പരിപാ ടികൾ സംഘടിപ്പിക്കൽ | അതത് ദിനങ്ങ ളിൽ | ഉറുദു ക്ലബ്ബ് | 500 | എച്ച്. എം സബ്ജക്ട് കൗൺസിലർ |

# ...മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾഎല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു | ഗണിത ശില്പശാല<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.<br>നമ്പർ കാർഡ്, മഞ്ചാടി, മുത്തുകൾ ഉപയോഗിക്കുന്നു. | ജൂൺ മാസം | ഗണിത അധ്യാപിക |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | ഗണിത ക്ലിനിക്ക്<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അധ്യാപകന്മാരും മുൻനിര നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പീരീഡ് | ഗണിത അധ്യാപകന്മാരും സമർത്ഥരായ കുട്ടികളും |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ഐടി സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ ചതുഷ്ക്രിയകൾ ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐടി ഉപയോഗപ്പെടുത്തി കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ |
| വിവിധ ശേഷികളുടെ വികസനം | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG |
| | | | |

# മേഖല - യു. പി. സോഷ്യൽ സയൻസ്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | **മെഗാക്വിസ്**<br>അന്തരീക്ഷപാളികൾ മുതൽ ഭൂതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി IT സാദ്ധ്യതകൾ ഉപയോഗിച്ച് മെഗാ ക്വിസ് നടത്തുന്നു | അക്കാദമിക് വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |
| 2 | പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | **വെർച്ച്വൽ ഫീൽഡ് ട്രിപ്പ്**<br>IT സാദ്ധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | അക്കാദമിക് വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |
| 3 | ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു.<br>സ്കൂൾ ഇലക്ഷൻ നടത്തുന്നു | അക്കാദമിക് വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |
| 4 | പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | **പ്രകൃതി താണ്ഡവം : നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കുകയും, രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക് വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |
| 5 | വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ച് ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സുരക്ഷയെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും, ട്രാഫിക് പോലീസിന്റെയും സഹായത്തോടെ, കുട്ടികൾക്കും, രക്ഷിതാക്കൾക്കും, റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക് വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്, PTA |

മേഖല - യു. പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ ഇന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രജ്ഞത തിരിച്ചറിയുക | * ഉദ്യാനം പച്ചക്കറിത്തോട്ടം നിർമ്മാണം, പരിപാലനം * കണ്ടറിയാൻ പ്രകൃതിയിലേക്ക് ഒരു യാത്ര | ജൂൺ 5 മുതൽ | അധ്യാപകൻ, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ് | PTA |
| പരിസര ശുചിത്വം മനോഭാവം വളർത്തൽ | സീറോ വേസ്റ്റ് മാനേജ്മെന്റ് പ്രോഗ്രാം നടപ്പിലാക്കൽ | ജൂൺ അഞ്ചു മുതൽ | സയൻസ് ടീച്ചർ, സയൻസ് ക്ലബ്ബ് | സയൻസ് ക്ലബ്ബ് |
| ലഹരിക്കെതിരെ ബോധവൽക്കരണം | തെരുവ് നാടകം, ബോധവൽക്കരണ ക്ലാസ് | മാസത്തിൽ 1 | എല്ലാ അധ്യാപകരും, രക്ഷിതാക്കളും | പിടിഎ സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ് |
| പാരിസ്ഥിതിക പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് ലഘൂകരിക്കാൻ ശാസ്ത്രീയമായി സ്വീകരിക്കേണ്ട മാർഗങ്ങൾ കണ്ടെത്തൽ | പ്രോജക്ട്, മാലിന്യ മുക്ത ഹരിത വിദ്യാലയം നടപ്പിലാക്കൽ, കമ്പോസ്റ്റ് നിർമ്മാണം | അക്കാദമിക വർഷം | സയൻസ് ടീച്ചർ സയൻസ് ക്ലബ് | PTA സയൻസ് ക്ലബ് |

| | | | | |
|---|---|---|---|---|
| വ്യക്തി ശുചിത്വം, സമൂഹ ശുചിത്വം | പ്രഭാഷണം,<br>ഐസിടി വീഡിയോ പ്രദർശനം<br>ആരോഗ്യ പ്രവർത്തകരുമായി അഭിമുഖം | അക്കാദമിക വർഷം | All teacher<br>സയൻസ് ക്ലബ്ബ്<br>ഹെൽത്ത് ക്ലബ്<br>രക്ഷിതാക്കൾ | സയൻസ് ക്ലബ്ബ് |
| സുരക്ഷിത ഭക്ഷണം<br>മനുഷ്യന്റെ അവകാശമെന്ന മൂല്യ വിട് ബോധ്യം വളർത്തുന്നു | ഭക്ഷ്യ മേള | അക്കാദമിക വർഷം | ടീച്ചേഴ്സ്<br>Parents<br>സയൻസ് ക്ലബ്<br>ഹെൽത്ത് ക്ലബ്ബ് | സയൻസ് ക്ലബ്ബ് |
| ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുന്ന ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് | പഠനോപകരണ നിർമ്മാണം<br>സ്കൂൾതല ശാസ്ത്രോത്സവം<br>ശാസ്ത്ര ചുമർ<br>പരീക്ഷണ കിറ്റ് നിർമ്മാണം | അക്കാദമിക വർഷം | സയൻസ് ടീച്ചർ<br>സയൻസ് ക്ലബ് | സയൻസ് ക്ലബ് |

# ACADEMIC MASTER PLAN

# 2025-26 LP

# പ്രവർത്തന പദ്ധതികൾ മലയാളം LP

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാശേഷി വികസനം | വായനാക്കളരി. ക്ലാസ് ലൈബ്രറി | വർഷം മുഴുവൻ. | ക്ലാസ് ടീച്ചർ. | |
| എന്റെ പിറന്നാൾ പുസ്തകം മികച്ച വായനാശീലം വളർത്തുക | പിറന്നാൾ പുസ്തകം എന്ന പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | വർഷം മുഴുവൻ. | ക്ലാസ് ടീച്ചർ | |
| അക്ഷരക്കൂട്ടം വായനാക്കോർണർ മികച്ച വായനാശീലം വളർത്തുക. നീഡ്സ് റീഡർ | ഒഴിവുസമയങ്ങളിൽ വായിക്കാൻ പ്രത്യേകം വായനാക്കോർണർ. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ. | |

| | | | | |
|---|---|---|---|---|
| രചനോത്സവം<br>ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് | ചിത്രങ്ങളുടെ സഹായത്തോടെ കഥ, കവിത ഡയറി എന്നിവ എഴുതുന്നു | ജൂൺ മുതൽ മാർച്ച് | ക്ലാസ് ടീച്ചർ | |
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായനാക്കുറിപ്പ്<br>വായനാക്കാർഡ് | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ | |

ഇംഗ്ലീഷ് LP

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി | ഇംഗ്ലീഷ് അസംബ്ലി | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |
| ഇംഗ്ലീഷ് ഡയറി. തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഡയറിക്കുറിപ്പായി എഴുതുന്നു | ക്ലാസ് ടീച്ചർ ആഴ്ചയിൽ മൂന്ന് ദിവസം | ക്ലാസ് ടീച്ചർ |
| ഇംഗ്ലീഷ് തീയറ്റർ | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ Skit, Drama, Conversation. | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് കോർണർ<br>വായനാ പരിപോഷി ണം. | കുട്ടികളുടെ നിലവാരത്തിന് അനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന വായനാമൂല. | രണ്ടാഴ്ച യിൽ ഒന്ന് | ക്ലാസ് ടീച്ചർ | |

# ഗണിതം. LP

| ലക്ഷ്യം. | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഗണിതപഠനം രസകരമാക്കൽ ചതുഷ്ക്രിയകൾ ലളിതമാക്കൽ | വിവിധതരം കളികൾ മൂല്യനിർണയം ഏണിയും പാമ്പും ബെയ്സ് കളി. | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ |
| ഒറിഗാമിയിലൂടെ പഠനം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം. | വർഷത്തിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ |
| ഗണിതലാബ് | ഗണിതലാബ് ഒരുക്കൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |
| ഗണിത പഠനോപകരണ ശിൽപ്പശാല | പാഠഭാഗവുമായി ബന്ധപ്പെട്ട് പഠനോപകരണ നിർമ്മാണം പ്രദർശനം. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ |
| ഗണിതമേള | പസിൽ പാട്ടുകൾ | വർഷത്തിൽ ഒന്ന് | SRG ക്ലാസ് ടീച്ചർ |

# പരിസരപഠനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
|---|---|---|---|---|
| നിരീക്ഷണം. | ഫീൽഡ്ട്രിപ്പുകൾ | ആവശ്യാനുസരണം. | HM<br>CPTA | |
| ശാസ്ത്രമുല ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ്ടീച്ചർ | |
| ശാസ്ത്രോത്സവം | പതിപ്പ്<br>ചാർട്ട്<br>ആൽബം<br>പഠനോപകരണം | വർഷത്തിൽ ഒരിക്കൽ | HM<br>SRG<br>ക്ലാസ്ടീച്ചർ. | |

Thank
you

Camns Karippol